# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1499** 13/6/2014 ൽ മറുപടിയ്ക്ക്

## റബ്ബർകർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബർ ഇറക്കുമതി മൂലമുണ്ടായിട്ടുള്ള വിലയിടിവ് കാരണം കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതിക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുനഃസ്ഥാപിക്കുക, എല്ലാ ഗ്രേഡിലുമുള്ള സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി തീരുവ നിലവിലുള്ള റബ്ബർ ലാറ്റക്സ് തീരുവയായ 70% ആക്കി നിജപ്പെടുത്തുവാൻ നടപടിയെടുക്കുക. സ്വാഭാവിക റബ്ബറിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**